# കസ്തൂരിരംഗൻ റിപ്പോർട്ട് : ചില വസ്തുതകൾ

പശ്ചിമഘട്ടസംരക്ഷണത്തിനായി മാധവ് ഗാഡ്ഗിൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് കർഷകസംഘടനകളിൽനിന്നും ക്രൈസ്തവസഭകളിൽനിന്നും ഉണ്ടായ ശക്തമായ എതിർപ്പിനെത്തുടർന്ന്, കേന്ദ്രസർക്കാർ തള്ളിക്കളയുകയുണ്ടായി. തുടർന്നുവന്ന കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ കർഷകദ്രോഹനിർദ്ദേശങ്ങൾ ഒഴിവാക്കിയിട്ടുണ്ട് എന്നാണ് പറയുന്നത്. എന്നാൽ, മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിൽ വ്യക്തമായി അക്കമിട്ട് വിവരിക്കുന്ന കാര്യങ്ങൾ കസ്തൂരിരംഗൻ റിപ്പോർട്ടിൽ പരോക്ഷമായി ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നതാണ് വസ്തുത.

1. റിപ്പോർട്ടിൽ 123 വില്ലേജുകളിലെ നിവാസികൾക്ക് ദോഷകരമായി ഒന്നുമില്ലായെന്ന് പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ, സാവധാനം ജനത്തെ പുകച്ചു പുറത്തുചാടിച്ച് ഈ പ്രദേശങ്ങളെല്ലാം വനങ്ങളാക്കി മാറ്റാനുള്ള ഗൂഢതന്ത്രങ്ങൾ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിലുണ്ട്. ഉദാഹരണത്തിന്, ജനവാസകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പരിസ്ഥിതിലോലമേഖലകളിലെല്ലാം ഏകവിളത്തോട്ടങ്ങൾക്കുപകരം സമ്മിശ്ര വൃക്ഷങ്ങൾ ഉൾക്കൊള്ളുന്ന വനമേഖല സൃഷ്ടിക്കുകയും (P.26 III, IV) കാലക്രമത്തിൽ അവയെ സംരക്ഷിത വനങ്ങളോട് ചേർക്കുകയും വേണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഇതിനുപുറമെ, പരസ്ഥിതിലോലമേഖലയുടെ പത്ത് കിലോമീറ്ററിനുള്ളിൽ കർശനമായ പരിശോധനയും നിയന്ത്രണങ്ങളുമുണ്ടാകും. (P.99, 100) കർഷകർക്ക് ലാഭകരമെന്ന് തോന്നുന്നതും സംസ്ഥാനത്തിന് ആവശ്യമായിട്ടുള്ളതുമായ വിളയിനങ്ങൾ കൃഷിചെയ്യാൻ കർഷകർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുകയില്ല എന്നുചുരുക്കം.
2. 'പശ്ചിമഘട്ടം' എന്ന പദംകൊണ്ട് കസ്തൂരിരംഗൻ റിപ്പോർട്ട് അർത്ഥമാക്കുന്നത് സംസ്ഥാനങ്ങളുടെ അധീനതയിൽപ്പെട്ട പശ്ചിമഘട്ടമലനിരകൾ മാത്രമല്ല, അവയോട് ചേർന്നുകിടക്കുന്ന വിശ്രുതമായ ജനവാസകേന്ദ്രങ്ങളും ജനവാസമില്ലാത്ത ഭൂപ്രദേശങ്ങളും ഉൾപ്പെടെയുള്ള മേഖലകളാണ്.

   ഒരു ചതുരശ്ര കിലോമീറ്ററിനുള്ളിൽ നൂറിൽ കൂടുതൽ ആൾക്കാർ താമസിക്കുന്നുണ്ടെങ്കിൽ ആ പ്രദേശങ്ങളെ അതീവ പരിസ്ഥിതിലോല മേഖലകളിൽപ്പെടുത്തുകയില്ലായെന്ന് റിപ്പോർട്ടിൽത്തന്നെ പറയുന്നു.

   എന്നാൽ, കേരളത്തിലെ 123 വില്ലേജുകളെ (ആകെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശങ്ങൾ) അതീവ പരിസ്ഥിതിലോലമേഖലകളായി ഇതേ റിപ്പോർട്ടുതന്നെ നിർദ്ദേശിച്ചിരിക്കുന്നു.. ഈ 123 വില്ലേജുകളിൽ മിക്കതിലും ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിൽ നൂറിലും വളരെ കൂടുതലാണ്.

   ഈ വൈപരീത്യത്തിന് കാരണമെന്താണ്?

   റിപ്പോർട്ടിൽത്തന്നെ പറയുന്നതുപോലെ, ISRO യുടെയും National Remote Sensing Centre ന്റെയും സഹായത്തോടെ ഉപഗ്രഹചിത്രങ്ങളെയും മറ്റും ആശ്രയിച്ചാണ് കസ്തൂരിരംഗൻ കമ്മിറ്റി ഈ നിർദ്ദേശം വെച്ചത്.

   അതുകൊണ്ട്, ഈ പ്രദേശങ്ങളിൽ നേരിട്ട് പഠനം നടത്തി ജനസാന്ദ്രതയെ സംബന്ധിച്ച യഥാർത്ഥ സ്ഥിതി കേരളസർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ ഉടനെ ബോധ്യപ്പെടുത്തണം.
3. വനത്തിൽ മൃഗങ്ങൾ ഉണ്ടെന്നോ അവ ജനജീവിതവും കാർഷികവൃത്തിയും അസാധ്യമാക്കുമെന്നോ ഉള്ള വസ്തുതകൾ കമ്മിറ്റി പരിഗണിച്ചിട്ടേയില്ല.

ഇപ്പോൾത്തന്നെ വന്യമൃഗങ്ങളുടെ ശല്യംമൂലം കൃഷിഭൂമി ഒഴിഞ്ഞുപോവുകയാണ് കർഷകർ. കൂടുതൽ അനുകൂല സാഹചര്യങ്ങൾ അനുവദിക്കപ്പെട്ടുകഴിയുമ്പോൾ അവയുടെ എണ്ണവും കടന്നാക്രമണങ്ങളും വർദ്ധിക്കും. ജീവനും സ്വത്തിനും ഭീഷണിയാകുമ്പോൾ മനുഷ്യർ താനെ നാടുവിട്ടുപോകാൻ നിർബന്ധിതരാകും. ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളത്തിന്റെ നല്ലൊരുഭാഗം ഭൂപ്രദേശങ്ങളും വന്യമൃഗങ്ങളുടെ വിളയാട്ട സ്ഥലങ്ങളാകും.

വന്യമൃഗങ്ങൾക്ക് പൂർണ്ണമായ സ്വാതന്ത്ര്യവും സഞ്ചാരസ്വാതന്ത്ര്യവും നൽകപ്പെട്ടുകഴിയുമ്പോൾ അവയുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കും. പരിസ്ഥിതിലോല മേഖലകളും ചുറ്റുമുള്ള സംരക്ഷിതമേഖലകളും കഴിഞ്ഞ് അവയുടെ വിളയാട്ടം സംസ്ഥാനത്തുടനീളം ഉണ്ടാകാൻ എല്ലാ സാധ്യതകളുമുണ്ട്. കേരളം എത്രയോ വീതികുറഞ്ഞതും ചെറുതുമായ സംസ്ഥാനമാണെന്നോർക്കണം. കൃഷി എന്നുപറയുന്നത് കേരളത്തിൽ ഏതാണ്ട് അസാധ്യമായ ഒരു സാഹചര്യം ഇവിടെയുണ്ടാകും. കേരളം മുഴുവൻ ഒരു വനപ്രദേശമായി മാറുന്ന സാഹചര്യം നമ്മൾ മുൻകൂട്ടി കാണണം.

4. കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാകുമ്പോൾ മലയോരകർഷകരെ മാത്രമേ അതു ബാധിക്കൂ എന്നൊരു ചിന്ത സംസ്ഥാനത്തിന്റെ മറ്റ് പ്രദേശങ്ങളിലുള്ളവർക്കുണ്ട്. അത് ശരിയല്ല. പരിസ്ഥിതിലോലപ്രദേശങ്ങളുടെ അതിർത്തിയിൽനിന്ന് 10 കി.മി വായു ദൂരംവരെയുള്ള പ്രദേശങ്ങൾ സംരക്ഷിത മേഖലകളായിരിക്കുമെന്ന് റിപ്പോർട്ടിൽത്തന്നെ പറയുന്നു. കൃഷി, നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളിലും ഈ പ്രദേശങ്ങളും പശ്ചിമഘട്ട അഥോറിറ്റിയുടെ നിരന്തരമായ നിരീക്ഷണത്തിലും നിയന്ത്രണത്തിലുമായിരിക്കും. ഏകവിള കൃഷികളായ റബ്ബർ, തേയില, കാപ്പി തുടങ്ങിയവയുടെ കാര്യത്തിലെല്ലാം നിയന്ത്രണങ്ങളുണ്ടാകും. ജൈവവൈവിധ്യത്തിനും പരിസ്ഥിതി സംരക്ഷണത്തിനും അനുകൂലമല്ലാത്തതെല്ലാം നിയന്ത്രിക്കപ്പെടും.
5. പരിസ്ഥിതിലോലമേഖലകളിൽ ഭാവിയിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾക്ക് ഗ്രാമസഭയുടെ മുൻകൂർ അനുമതി വേണമെന്ന വ്യവസ്ഥയും കർഷകർക്ക് സഹായമാവുകയില്ല. കാരണം, പരിസ്ഥിതി സംരക്ഷണത്തിന് കസ്തൂരിരംഗൻ കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗരേഖകളിൽനിന്നുകൊണ്ട് മാത്രമേ പുതിയ പദ്ധതികൾക്ക് രൂപംനൽകാൻ കഴിയുകയുള്ളു. അതായത്, ഗ്രാമസഭകൾക്ക് ഇഷ്ടമുള്ള പദ്ധതികൾ വിഭാവനം ചെയ്യാൻ കഴിയുകയില്ല എന്നുസാരം (P. XV article 15 of summary of recommendations). പശ്ചിമഘട്ട അതോറിറ്റികൂടി നിലവിൽ വന്നുകഴിഞ്ഞാൽ ഇവിടെ എന്ത് കൃഷിചെയ്യണം, എന്തുപാടില്ല എന്നതിനെ സംബന്ധിച്ച് തീരുമാനിക്കുന്നതും നിർദ്ദേശം നൽകുന്നതും കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ ആയിരിക്കുകയില്ല. യുനെസ്കോയുടെ ലോകപൈതൃക സമിതിയായിരിക്കും. കാരണം, പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിന് ആവശ്യമായ ഫണ്ട് മുഴുവൻ നൽകുന്നത് ഈ സമിതിയാണല്ലോ.

ഇപ്രകാരം കൃഷി ഏതാണ്ട് അസാധ്യമായി വരുന്ന സാഹചര്യത്തിൽ ജീവിക്കാൻവേണ്ടി എല്ലാം ഇട്ടെറിഞ്ഞ് നാടുവിടുക എന്ന രക്ഷാമാർഗ്ഗം മാത്രമേ പാവം കർഷകർക്കുണ്ടാവുകയുള്ളു. ഇങ്ങനെ ഒരു സാഹചര്യമുണ്ടാകാവുന്ന മേഖലകളിലെ കർഷകരുടെ ഭൂമിക്ക് മാർക്കറ്റുവിലയെങ്കിലും നൽകുകയും കുടുംബത്തിൽ രണ്ടുപേർക്കുവീതം സർക്കാർ ജോലി ഉറപ്പുവരുത്തുകയും ചെയ്യണം.

22.10.13

ഫാ ആന്റണി കൊഴുവനാൽ